## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 4317 21.07.2015 ൽ മറുപടിക്ക്.

## ശിശുസംരക്ഷണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. കെ.മുരളീധരൻ :<br>ശ്രീ. ആർ . സെൽവരാജ് :<br>ശ്രീ. ഷാഫി പറമ്പിൽ : | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന വിവിധ ശിശുസംരക്ഷണ പദ്ധതികൾ ഒരു കുടക്കീഴിൽ ആക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഉണ്ട്. വിവിധ ശിശു സംരക്ഷണ പദ്ധതികൾ ഒരു കുടക്കീഴിൽ കൊണ്ടുവരുക എന്ന ഉദ്ദേശത്തോടെയാണ് 2009 മുതൽ സംയോജിത ശിശുസംരക്ഷണ പദ്ധതി (ICPS) നിലവിൽ വന്നത്. ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) കുട്ടികൾക്ക് പ്രത്യേകിച്ചും ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും നിയമവുമായി പൊരുത്തപ്പെടാത്തവരുമായ കുട്ടികൾക്ക് പൂർണ്ണമായി സംരക്ഷണം ഏർപ്പെടുത്തുക എന്നതാണ് സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. |
| (സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ? | (സി) സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിൽ പദ്ധതി നടത്തിപ്പിനായി. സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയും ജില്ലാ തലങ്ങളിൽ ജില്ലാ തല ശിശു സംരക്ഷണ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ശ്രദ്ധയും പരിചരണവും |

ആവശ്യമുള്ള കുട്ടികൾക്കുവേണ്ടി എല്ലാ ജില്ല കളിലും ചൈൽഡ് വെൽഫെയർ കമ്മിറ്റികളും (CWC) നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക വേണ്ടി ജുവനൈൽ ജസ്റ്റിസ് ബോർഡുകളും (JJB) പ്രവർത്തിച്ചു വരുന്നു. ദത്തെടുക്കൽ, പ്രവർത്തന ങ്ങൾ നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും സ്റ്റേറ്റ് അഡോപ്ഷൻ ഏജൻസിയും (SARA) പ്രവർത്തിച്ചുവരുന്നു.

ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും നിയമത്തിന് വിധേയരാകാത്തതുമായ കുട്ടികളുടെ സംരക്ഷണത്തിനായി സാമൂഹ്യ നീതി വകുപ്പിന് കീഴിൽ 8 ചിൽഡ്രൻസ് ഹോമുകൾ, 8 ഒബ്സർവേഷൻ ഹോമുകൾ, 2 സ്പെഷ്യൽ ഹോമുകൾ, 6 ഒബ്സർവേഷൻ കം സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകൾ, ഒരു പ്ലേയ്സ് ഓഫ് സേഫ്റ്റി എന്നിവ ചേർത്ത് ആകെ 25 ജെ. ജെ ഹോമുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.